LIBRARY ARCHIVES Kerala Legislative Assembly

വ്യക്തിപരമായ വിരോധം ഉള്ള ഉദ്യോഗസ്ഥരുടെ കേസ് അന്വേഷണം

313 (291) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരാളുമായി വ്യക്തിപരമായോ നിയമപരമായോ എതിർകക്ഷിയായ പോലീസ് ഉദ്യോഗസ്ഥൻ അയാൾക്കെതിരെയുള്ള കേസ് അന്വേഷിക്കുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഡി.വൈ.എസ്.പി. തസ്തികയിൽ നേരിട്ടു നിയമനം നടത്തുന്ന തമിഴ്നാട് മാതൃകയിൽ കേരളത്തിൽ നിയമന പരിഷ്കാരം കൊണ്ടുവരുന്നതു പരിഗണിക്കുമോ?

ഉത്തരം

(എ) ഇത്തരം സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കേസ് അന്വേഷണ ചുമതല മറ്റൊരു ഉദ്യോഗസ്ഥന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) ഇക്കാര്യം പരിഗണനയിലില്ല.

കുറ്റവാളികളെ കണ്ടെത്തുന്നതിന് ആധുനിക കുറ്റാന്വേഷണ രീതികൾ

314 (292) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റവാളികളെ കണ്ടെത്തുന്നതിന് ആധുനികമായ കുറ്റാന്വേഷണ രീതികൾ പരിശീലിപ്പിക്കാനും യഥാർത്ഥ കുറ്റവാളികളെ എളുപ്പം കണ്ടെത്താനും എന്തെല്ലാം കാര്യങ്ങളാണ് പോലീസ് വകുപ്പിൽ ഈ സർക്കാർ നടപ്പിലാക്കിയതെന്ന് പറയാമോ;

(ബി) ഇത്തരം പരിശീലനങ്ങൾ കൊണ്ട് കേരളത്തിലെ പോലീസ് സേനയ്ക്കുണ്ടായ മാറ്റങ്ങൾ എന്തെല്ലാമാണെന്നു പറയാമോ?

ഉത്തരം

(എ) കുറ്റവാളികളെ കണ്ടെത്തുന്നതിന് ആധുനികമായ കുറ്റാന്വേഷണ രീതികൾ പരിശീലിപ്പിക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ കേസ്, ക്രിമിനൽ